കോ–ഓർഡിനേഷൻ കമ്മിറ്റി
**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 02/2022 16.02.2022

## പുതിയ ജീവനക്കാരോട് സ്നേഹപൂർവ്വം

കടുത്ത മത്സര പരീക്ഷകളുടെ സമ്മർദ്ദങ്ങളെ അതിജീവിച്ച് കേരള ഗ്രാമീണ ബാങ്കിലെ OAST /Scale 1 തസ്തികയിൽ നിയമനം ലഭിച്ച മുഴുവൻ സുഹൃത്തുക്കൾക്കും അഭിനന്ദനങ്ങൾ.

പുതിയതായി ജോയിൻ ചെയ്തവരിൽ മഹാഭൂരിപക്ഷം പേരും സ്വാഭാവികമായും നമ്മുടെ സംഘടനയിൽ തന്നെ അംഗത്വമെടുത്തു കഴിഞ്ഞു. വ്യക്തി എന്നുള്ള നിലയിൽ നിന്നും തൊഴിലാളി എന്ന കാഴ്ചപ്പാടുകളിലേക്ക് മാറുമ്പോൾ അതിനു പിൻബലമായി ഒരു വിപ്ലവ സ്വഭാവത്തിലൂന്നിയ സംഘടന തന്നെ വേണമെന്ന യഥാർഥ്യത്തെ ഉൾകൊള്ളുന്ന തരത്തിൽ തന്നെയാണ് പുതിയ ജീവനക്കാർ സംഘടനാ അംഗത്വത്തെ കണ്ടത് എന്നത് സന്തോഷം നൽകുന്ന കാര്യമാണ്.

**അൽപം ചരിത്രം :–**

ഗ്രാമീണ ബാങ്കുകളുടെ ആരംഭ ദശ മുതൽ നാളിതുവരെയുള്ള ചരിത്രം, നിരന്തര പോരാട്ടങ്ങളുടേതാണ്. 'തുല്യ ജോലിക്ക് തുല്യ വേതനം' എന്ന മുദ്രാവാക്യമുയർത്തി നാം നടത്തിയ ഐതിഹാസികമായ പോരാട്ടങ്ങളുടെ വിജയമാണ് ഇന്നു നാം അനുഭവിക്കുന്ന ശമ്പളമടക്കമുള്ള ആനുകൂല്യങ്ങളുടെ ആധാരം.സാമൂഹിക സുരക്ഷ പദ്ധതികളിൽ നിന്നെല്ലാം പുറകോട്ട് പോകുന്ന ഭരണകൂടങ്ങളുടെ നിലപാടുകൾക്കെതിരെ പോരാടിയെന്നതാണ്, പിന്നീട് പെൻഷന് വേണ്ടി നാം നടത്തിയ തുടർ പ്രക്ഷോഭങ്ങളുടെ കാലിക പ്രസക്തി. രാജ്യത്ത് ഈ പോരാട്ടങ്ങൾക്കെല്ലാം നേതൃത്വം നൽകിയ നമ്മുടെ സംഘടനയെ ഏറെ ബഹുമാനത്തോടെയാണ് പൊതു സമൂഹം കാണുന്നത്. തീർച്ചയായും, ഈ സംഘടനയിൽ അംഗങ്ങളായ ഓരോരുത്തർക്കും ഇക്കാര്യത്തിൽ അഭിമാനിക്കാം.

ബാങ്കിംഗ് മേഖലയിൽ തന്നെ മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമായി ഒരു മെച്ചപ്പെട്ട തൊഴിൽ സംസ്കാരം ഇവിടെ സാധ്യമാകുന്നത് നമ്മുടെ ശക്തമായ സാന്നിധ്യം ഒന്ന് കൊണ്ടു മാത്രമാണ്. ഇൻഷുറൻസ്, മ്യൂച്ചൽ ഫണ്ട് പോലുള്ള കാര്യങ്ങളുടെ പേരിൽ ജീവനക്കാരെ നിരന്തരം പീഢിപ്പിക്കുന്ന മാനേജ്മെന്റ് ശൈലി കേരള ഗ്രാമീണ ബാങ്കിൽ കാണാത്തത്, അത്തരം വിഷയങ്ങളിൽ സംഘടന കൃത്യമായി നിലപാട് എടുക്കുന്നത് കൊണ്ട് മാത്രമാണ്.

കേഡർ വേർതിരിവില്ലാതെ എല്ലാവരും ഒറ്റക്കെട്ടായി ഒരു കുടുംബം പോലെ ഇങ്ങനെ കഴിയുന്ന മറ്റൊരു തൊഴിൽ ശാല കണ്ടെത്താൻ വർത്തമാന കാലഘട്ടത്തിൽ പ്രയാസമാണ്. തൊഴിലാളി പക്ഷത്തു നിലയുറപ്പിച്ച് വർഗപരമായി ചിന്തിക്കുന്ന ശക്തമായ നമ്മുടെ സംഘടനാ പ്രവർത്തനത്തിന്റെ പിൻബലത്തിലാണ് ഈ മെച്ചപ്പെട്ട സംസ്കാരം നമ്മുടെ ബാങ്കിൽ നിലനിൽക്കുന്നത്.

**നെഗറ്റീവ് ക്യാമ്പയിനുകളിൽ വഞ്ചിതരാകാതിരിക്കുക:–**

'നുണകൾ പറയുമ്പോൾ പെരുംനുണകൾ തന്നെ ഉപയോഗിക്കുക. ചെറിയ കള്ളങ്ങളേക്കാൾ ജനങ്ങൾ ആദ്യം വിശ്വസിക്കുക വലിയ കള്ളങ്ങൾ ആണ്' - ഹിറ്റ്ലർ

തിരിച്ചടികളുടെയും നിരാശയുടെയും നടുവിൽ മുങ്ങിത്താഴ്ന്നപ്പോഴെല്ലാം ഹിറ്റ്ലർക്കും അനുചരന്മാർക്കും കൃത്രിമമായ ആത്മവിശ്വാസം പ്രകടിപ്പിക്കാനായത് ഗീബൽസ് പഠിപ്പിച്ച നുണകളുടെ പൊടിക്കൈകൾ കൊണ്ടായിരുന്നു. ഫാർ ഡെയർ ലുബേ എന്ന പോളണ്ടുകാരനെ കരുവാക്കി കമ്മ്യൂണിസ്റ്റുകാർ ജർമൻ പാർലമെന്റ് മന്ദിരത്തിന് തീയിട്ടുവെന്ന പെരും നുണ പുറംലോകമറിയുന്നത്, പിന്നീട് ന്യൂറംബർഗ് വിചാരണവേളയിൽ നാസി കൊടുംകുറ്റവാളികൾ അത് തുറന്നു വെളിപ്പെടുത്തുമ്പോൾ ആണ്.

**ചരിത്രം പിന്നെയും ആവർത്തിച്ചു:–**

നുണ പറച്ചിലിനെ കറതീർന്ന രാഷ്ട്രീയ കലയായി വിശ്വസിക്കുന്ന ഫാസിസ്റ്റ് പ്രത്യയ ശാസ്ത്രത്തിന്റെ പിന്മുറക്കാർ അത് നിരന്തരം തുടർന്നു കൊണ്ടിരിക്കുകയാണ്. അൽപ്പായുസ്സുള്ള അസത്യങ്ങളാണ് എന്ന ബോധ്യം ഉണ്ടായിട്ടുപോലും അത് പറയാൻ യാതൊരു മടിയും ഇല്ലാതിരിക്കുന്നത് ഈ പ്രത്യയ ശാസ്ത്രത്തിന്റെ പിൻബലത്തിൽ തന്നെയാണ്.

പഠിച്ച അടവുകൾ പതിനെട്ടും പയറ്റിയിട്ടും പുതിയ ജീവനക്കാർ തങ്ങളിൽ വിശ്വസിക്കുന്നില്ലെന്ന് കണ്ടപ്പോഴാണ് ഗീബൽസിന്റെ ശിഷ്യന്മാർ നുണ ബോംബുകളും ആയി രംഗത്ത് ഇറങ്ങിയിട്ടുള്ളത്. ഓരോ മാസവും 5000 രൂപ യൂണിയൻ ലെവിയിനത്തിൽ കൊടുക്കേണ്ടിവരുന്ന സംഘടനയാണ് BEFI, എന്നും സമരം ചെയ്യുന്ന സംഘടനയാണ് അവർ, ബ്രാഞ്ച് മാനേജർമാരുടെ ഇംഗിതത്തിനനുസരിച്ച് മാത്രമേ യൂണിയനിൽ മെമ്പർഷിപ്പ് എടുക്കാവൂ, തങ്ങളാണ് ഇവിടുത്തെ വലിയ യൂണിയൻ.... ഇങ്ങനെ പെരുംനുണകളുടെ ഭാണ്ഡക്കെട്ടുകൾ ഓരോന്നായി അഴിച്ചു വിടുകയാണ് ഇക്കൂട്ടർ.

kartine29.deviantart

സ്വന്തം പ്രവർത്തനങ്ങളെ സംബന്ധിച്ച് ജീവനക്കാർക്കിടയിൽ പറയാൻ ഒന്നുമില്ലാതെ വരികയും ജീവനക്കാർ അതിനെ ചോദ്യം ചെയ്യുകയും ചെയ്ത ഘട്ടത്തിൽ ഒരു പിടിവള്ളിയായാണ് ഈ നുണകളെ ആശ്രയിച്ചതെങ്കിൽ, വിവരവും വിദ്യാഭ്യാസവും സാമൂഹിക ബോധ്യവുമുള്ള പുതിയ ജീവനക്കാർ അതിനെ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുകയാണുണ്ടായത്. നുണ പറയാൻ അറപ്പില്ലാത്തവരുടെ മുഖത്തുനോക്കിത്തന്നെ തക്ക മറുപടി പറഞ്ഞുകൊണ്ടാണ് ഈ നെഗറ്റീവ് ക്യാമ്പയിനിങ്ങിനെ അവർ നേരിട്ടതെന്നുള്ള കാര്യം മാതൃകാപരമാണ്.

ഏറ്റവും കുടിലത നിറഞ്ഞ നുണകൾ കേൾക്കുമ്പോൾ ഓർക്കുക, മനുഷ്യത്വത്തിന്റെ ശവപ്പറമ്പായ ഫാസിസത്തിന്റെ ദംഷ്ട്രകൾ നമുക്കിടയിലും ഉണ്ടെന്നുള്ള യാഥാർത്ഥ്യം. കാലക്രമത്തിൽ തകർന്നു വീഴുമെന്ന് ഉറപ്പുള്ള നുണകളോട് പശ്ചാത്തപിക്കുകയല്ലാതെ മറുപടി പറഞ്ഞ് ഒരു സംവാദം സാധ്യമാകില്ല.

ഒരു തൊഴിലാളി സംഘടന എന്ന നിലയിൽ ജീവനക്കാരുടെ പ്രശ്നങ്ങളെ വിവിധങ്ങളായ ഫോറങ്ങളിൽ അവതരിപ്പിച്ച് അതിനു പരിഹാരം ഉണ്ടാക്കാനുള്ള ശ്രമങ്ങളാണ് നാം നടത്താറുള്ളത്. അത്തരം ഫോറങ്ങളിൽ നിന്നും അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകാതെ വരുന്ന ഘട്ടങ്ങളിൽ തൊഴിലാളിയുടെ കൈവശമുള്ള ആയുധം എന്ന നിലയിൽ സമരങ്ങളിലേക്ക് നമുക്ക് കടക്കേണ്ടി വരും. അങ്ങനെ സമരങ്ങളിലേക്ക് നാം കടന്നിട്ടില്ലെങ്കിലാണ് തൊഴിലാളി സംഘടന എന്ന നിലയിൽ സ്വയം പരിശോധന നടത്തേണ്ടി വരിക. ദൗർഭാഗ്യവശാൽ, സമരം ചെയ്യാൻ വിമുഖത പ്രകടിപ്പിക്കുന്ന തൊഴിലാളി സംഘടനകൾ നമ്മുടെ മേഖലയിൽ ഉണ്ട് എന്നത് ഈ മേഖലയിലെ തൊഴിലാളികളുടെ അവകാശ സംരക്ഷണങ്ങൾക്കുള്ള ഒരു വിലങ്ങു തടിയാണ്.

**പൊതുമേഖലക്ക് ചരമഗീതം രചിക്കുമ്പോൾ വീണ വായിക്കുന്ന സംഘങ്ങൾ** :–

പൊതുമേഖല എന്ന സങ്കല്പത്തിന്റെ മെച്ചവും ഭാവിയും ബോധ്യപ്പെട്ടുകൊണ്ടാണ് നമ്മളെല്ലാം ഈ സ്ഥാപനത്തിൽ ജോലി തിരഞ്ഞെടുത്തത്. സാമൂഹികമായും പൊതുമേഖലാ സ്ഥാപനങ്ങൾ, നാടിന്റെ പുരോഗതിയുടെ അടയാളങ്ങളായി നിലകൊള്ളുന്നു. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളെ കൊന്നു തള്ളുന്ന നിലപാടുകളാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത് എന്നത് നാം നിത്യേന കണ്ടുകൊണ്ടിരിക്കുന്ന യാഥാർഥ്യമാണ്. LIC പോലുള്ള മഹത്തരമായ സ്ഥാപനങ്ങളടക്കം സ്വകാര്യവൽക്കരിക്കാൻ യാതൊരു മടിയും കാണിക്കാത്ത ഭരണകൂടം അതിന്റെ കോർപ്പറേറ്റ് കൂറ് പ്രകടിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഇത്തരം അനീതികളോട് ക്രിയാത്മകമായി പ്രതികരിക്കാനുള്ള ബാധ്യത തൊഴിലാളി സംഘടനകൾക്ക് ഉണ്ടെന്നതിനാലാണ് തൊഴിലാളികൾ ഐക്യത്തോടെ ഈ നയങ്ങൾക്കെതിരെ രാജ്യവ്യാപകമായി രാഷ്ട്രീയ ഭിന്നാഭിപ്രായങ്ങൾ മറന്നു കൊണ്ട് സമരമുന്നണിയിൽ അണിനിരക്കുന്നത്. എന്നാൽ അത്തരം ഐക്യനിരയിൽ ചേർന്നു നിൽക്കാതെ സ്വകാര്യവൽക്കരണത്തെ അനുകൂലിക്കുന്ന നിലപാടെടുക്കുന്ന സംഘടനകളുടെ കാപട്യങ്ങളും നാം നിരന്തരം കണ്ടുവരികയാണ്. ഇത്തരം സംഘടനകൾ നമുക്കിടയിലും ഉണ്ട് എന്നത് നാം മനസ്സിലാക്കണം.

വ്യക്തിപരമായി എത്ര മേന്മയുണ്ടെങ്കിലും നമുക്കു ചുറ്റുമുള്ള പ്രശ്നങ്ങൾ ഭരണാധികാരികൾ അടിച്ചേൽപ്പിക്കുന്ന നയങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നവയാണ്. ആ നയങ്ങളെ നേരിടാൻ വർഗപരമായ കൂട്ടായ്മകൾക്കേ സാധിക്കുകയുള്ളൂ. അതാണ് നാളിതുവരെയുള്ള മനുഷ്യ ചരിത്രം കാണിച്ചു തരുന്ന പാഠം. അതുകൊണ്ടുതന്നെ സംഘടനകളുടെ പ്രസക്തി ബോധ്യപ്പെട്ടുകൊണ്ട് നമ്മുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ കഴിയുന്ന തരത്തിലേക്ക് മാറാൻ നമുക്കോരോരുത്തർക്കും സാധിക്കട്ടെ. നമ്മുടെ വ്യക്തിപരമായ വളർച്ചയ്ക്കൊപ്പം, സ്ഥാപനത്തിന്റെയും സമൂഹത്തിന്റെയും പുരോഗതി കൂടി ലക്ഷ്യമിടാൻ ഓരോരുത്തർക്കും സാധിക്കട്ടെ.

കേരള ഗ്രാമീണ ബാങ്കിൽ ഒരു ശോഭനമായ ഭാവി ആശംസിക്കുന്നു.

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU
Mob: 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU
Mob: 9447383184

kartine29.deviantart